# MALANKARA JACOBITE SYRIAN SUNDAY SCHOOL ASSOCIATION

*(Under the Holy Apostolic See of Antioch and All the East)* **Reg. No. ER/308/07**

**Circular to All Sunday Schools and Co-workers**
**Website : www.mjssa.in**
**Email : mjssahq@gmail.com**

**M.J.S.S.A. HEAD QUARTERS,**
**Puthencruz P.O. Ernakulam Dist.,**
**Kerala state, Pin.- 682 308,**
**Fax & Phone : 0484 -2730150**


**No. M/C/005/ 2018**

**Date: 02-07-2018**

**കർത്താവിൽ പ്രിയ സഹപ്രവർത്തകരെ,**

കുട്ടികളുടെ കലാവാസനകൾ പ്രോത്സാഹിപ്പിക്കുന്നതിനും അറിവു വർദ്ധിപ്പിക്കുവാനും ആത്മീയാഭിവൃദ്ധിക്കുമായി നടത്തി വരുന്ന എം.ജെ.എസ്.എസ്.എ. കലോത്സവം ഈ വർഷവും വളരെ ഭംഗിയായി നടത്തുവാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ. അസ്സോസിയേഷനിൽ നിന്നുള്ള പൊതുനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

## എം.ജെ.എസ്.എസ്.എ. കലോത്സവം - 2018

### മത്സര വിഷയങ്ങളും വിഭാഗങ്ങളും

1. **സബ്ജൂണിയേഴ്സ് (SubJuniors)** 8 വയസ് വരെ
   **(2010 ജനുവരി 1 നോ അതിനു ശേഷമോ ജനിച്ചവർ)**
   1. **പ്രസംഗം**
   2. **സംഗീതം**
   3. **ആരാധനാഗീതം മലയാളം** } (3 മിനിററ്)

   **പ്രസംഗവിഷയം : "ക്ഷമിക്കുന്ന സ്നേഹം"**

2. **ജൂണിയേഴ്സ് (Juniors)** 9 മുതൽ 12 വയസ് വരെ
   **(2006 ജനുവരി 1 നോ അതിനു ശേഷമോ ജനിച്ചവർ)**
   1. **പ്രസംഗം** -(4 മിനിററ്) **വിഷയം : "നിങ്ങൾ ജീവനുള്ള ദൈവത്തിന്റെ മക്കൾ."** (ഹൂശ (ഹോശയ)1:10)
   2. **സംഗീതം**
   3. **സംഗീതം കന്നഡ**
   4. **ആരാധനാഗീതം സുറിയാനി**
   5. **ആരാധനാഗീതം മലയാളം**
   6. **ആരാധനാഗീതം കന്നഡ** } (3 മിനിററ്)
   7. **തക്സവാക്യം**, 8. **വേദവാക്യം**

3. **സീനിയേഴ്സ് (Seniors)** 13 മുതൽ 17 വയസ് വരെ
   **(2001 ജനുവരി 1 നോ അതിനു ശേഷമോ ജനിച്ചവർ)**
   1. **പ്രസംഗം** - (5 മിനിററ്)
      **വിഷയം: "പാപത്തിൽ നിന്നും നീ ഓടി മാറിക്കൊള്ളണം."** (ബാർ ആസീറേ 21:1)
   2. **സംഗീതം**
   3. **സംഗീതം കന്നഡ**
   4. **ആരാധനാഗീതം സുറിയാനി**
   5. **ആരാധനാഗീതം മലയാളം**
   6. **ആരാധനാഗീതം കന്നഡ** } (3 മിനിററ്)
   7. **തക്സവാക്യം**, 8. **വേദവാക്യം** 9. **ക്വിസ്സ്**

4. **പ്ലസ് വൺ, പ്ലസ് ടു ( Plus 1, Plus 2 )**
   **(JSSLC** യുടെ തുടർച്ചയായി **+1** ലും, **+1** ന്റെ തുടർച്ചയായി **+2** വിലും ചേരുന്നവർക്കു മാത്രമെ മത്സരത്തിൽ പങ്കെടുക്കുവാൻ അർഹത ഉണ്ടായിരിക്കുകയുള്ളു.)
   1. **ക്വിസ്സ്** 2.**പ്രസംഗം** (5 മിനിററ്), **വിഷയം :"ആരും നിങ്ങളെ തെറ്റിക്കാതെയിരിപ്പാൻ സൂക്ഷിച്ചു കൊള്ളണം."** (മർക്കോസ് 13:5)

5. **അദ്ധ്യാപകർ (Teachers') - ക്വിസ്സ്**

### മത്സരങ്ങൾ സംബന്ധിച്ച് പൊതുനിർദ്ദേശങ്ങൾ

1. എം.ജെ.എസ്.എസ്.എ. കലോത്സവ മത്സരങ്ങൾ വിവിധ തലങ്ങളിൽ
   **a)സൺഡേസ്കൂൾ തലം** - **2018 ആഗസ്റ്റ് 31-ന് മുമ്പ്** ഹെഡ്മാസ്റ്ററുടെ ചുമതലയിലും
   **b)ഡിസ്ട്രിക്ട് തലം** - **2018 സെപ്റ്റംബർ 30-ന് മുമ്പ്** ഇൻസ്പെക്ടറുടെ ചുമതലയിലും
   **c)ഭദ്രാസന തലം** - **2018 ഒക്ടോബർ 31-ന് മുമ്പ്** ഡയറക്ടറുടെ ചുമതലയിലും നടത്തേണ്ടതാണ്.
   **d)അഖില മലങ്കര തലം** - **2018 നവംബർ 10 ശനിയാഴ്ച്ച** കേന്ദ്രഓഫീസ് മന്ദിരത്തിൽ വച്ച്
   (ഉദ്ഘാടന സമ്മേളനം ഉണ്ടായിരിക്കുന്നതല്ല. ആയതിനാൽ കൃത്യം **9.30 ന്** മത്സരങ്ങൾ ആരംഭിക്കുന്നതാണ്.)
2. സബ്ജൂണിയർ, ജൂണിയർ, സീനിയർ എന്ന നിബന്ധന കർശനമായി പാലിക്കേണ്ടതാണ്.
3. **വയസ്സ് മാനദണ്ഡമാക്കിയാണ്** സബ്ജൂണിയർ, ജൂണിയർ, സീനിയർ വിഭാഗങ്ങൾ തിരിക്കുന്നത് എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മത്സരാർത്ഥികളുടെ ലിസ്റ്റിൽ ജനന തീയതി എഴുതുവാൻ വിട്ടുപോകരുത്. **+1, +2** കുട്ടികൾ സീനിയർ വിഭാഗത്തിൽ ഉൾപ്പെടുന്നതല്ല.
4. ഡിസ്ട്രിക്റ്റ്, ഭദ്രാസന, കേന്ദ്ര മത്സരങ്ങളിൽ പങ്കെടുക്കുന്ന കുട്ടികളുടെ കൂടെ ചുമതലപ്പെട്ട അദ്ധ്യാപകർ ( EscortingTeachers) ഉണ്ടായിരിക്കേണ്ടതാണ്.
5. ഓരോ തലത്തിലും മത്സരങ്ങൾ നടന്നു കഴിഞ്ഞാൽ **തൊട്ടടുത്ത ദിവസം തന്നെ** ലിസ്റ്റ് മേൽഘടകത്തിൽ ഏല്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ ലിസ്റ്റ് ബന്ധപ്പെട്ടവർക്ക് ലഭിക്കാതെ വന്നാൽ ആ സൺഡേസ്കൂളിലെ / ഡിസ്ട്രിക്ടിലെ / ഭദ്രാസനത്തിലെ കുട്ടികൾക്ക് മുകളിലത്തെ തലങ്ങളിൽ നടക്കുന്ന മത്സരങ്ങളിൽ പങ്കെടുക്കുവാൻ കഴിയുന്നതല്ല.
6. സംഗീതം, പ്രസംഗം, ആരാധനാഗീതം എന്നിവ പ്രത്യേകം പ്രത്യേകം വേദികളിൽ നടത്തേണ്ടതാണ്.
7. **ആരാധനാഗീതം (കന്നട), സംഗീതം (കന്നട) എന്നിവ കർണ്ണാടകത്തിൽ നിന്നുള്ള കുട്ടികൾക്കു മാത്രമായിരിക്കും.**
8. **എം.ജെ.എസ്.എസ്.എ. സർക്കുലർ നിർദ്ദേശം അനുസരിച്ചു നടത്തുന്ന ഇനങ്ങൾക്കു മാത്രമെ ഭദ്രാസന/ സോൺ, ഡിസ്ട്രിക്റ്റ്, സൺഡേസ്കൂൾ തലത്തിൽ പോയിന്റു കണക്കാക്കുവാൻ പാടുള്ളു.**
9. **കലാപ്രതിഭാ/ കലാതിലകം**
   എം.ജെ.എസ്.എസ്.എ. കലോത്സവത്തിൽ ഓരോ വിഭാഗവും ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന കുട്ടികൾക്ക് കലാപ്രതിഭ/ തിലകമായി തിരഞ്ഞെടുക്കുമ്പോൾ ഏതെങ്കിലും ഒരു വ്യക്തിഗത മത്സരത്തിന് ഒരു 'എ' ഗ്രേയിഡും കൂടാതെ

*മറുപുറം*

ഏതെങ്കിലും ഒരു വ്യക്തിഗത മത്സരത്തിന് ആദ്യ മൂന്ന് സ്ഥാനങ്ങളിൽ (1,2,3) ഏതെങ്കിലും ഒരു സ്ഥാനവും നിർബന്ധമായി ഉണ്ടായിരിക്കണം. തുല്യപോയിന്റ് വന്നാൽ ഗ്രൂപ്പ് ഐറ്റത്തിന്റെ പോയിന്റ് കൂടെ കണക്കാക്കുന്നതാണ്.

10. എം.ജെ.എസ്.എസ്.എ. കലോത്സവം നടത്തുന്നതിനാവശ്യമായ എല്ലാ ഫോമുകളും ഹെഡ്ക്വാർട്ടേഴ്സിൽ തയ്യാറായിട്ടുണ്ട്.

11. **തങ്കവാക്യമത്സരം**

a) തങ്കവാക്യ മത്സരത്തിന് അസ്സോസിയേഷൻ പ്രസിദ്ധീകരിച്ചിരിക്കുന്ന **“ വിശുദ്ധഗ്രന്ഥത്തിൽ നിന്നുള്ള തങ്കവാക്യങ്ങൾ ”** എന്ന പുസ്തകം ഉപയോഗിക്കേണ്ടതാണ്.

b) ജൂണിയർ വിഭാഗത്തിന് പുസ്തകത്തിലെ 1 മുതൽ 250 വരെയുള്ള വാക്യങ്ങളിൽ നിന്നു മാത്രമെ ചോദ്യങ്ങൾ ഉണ്ടായിരിക്കുകയുള്ളു. സീനിയർ വിഭാഗത്തിന് 1 മുതൽ 500 വരെ മുഴുവൻ ഭാഗത്തു നിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും.

c) തങ്കവാക്യപുസ്തകത്തിൽ കാണുന്ന അക്ഷരതെറ്റുകൾ ;- ക്രമനമ്പർ - 60, 72, 74, 80, 81, 82, 110, 208, 244, 249, 257, 268, 393, 397, 408, 421, 448, 454, 476, 486, 495 ഈ വാക്യങ്ങൾ മത്സരത്തിൽ നിന്നും ഒഴിവാക്കുവാൻ ശ്രദ്ധിക്കുമല്ലോ?

12. **ബൈബിൾ ടെസ്റ്റ് (വിശുദ്ധഗ്രന്ഥം)**

എട്ടിലധികം കുട്ടികൾ പങ്കെടുക്കുമ്പോൾ 8ന് ആനുപാതികമായി രണ്ടോ മൂന്നോ ഗ്രൂപ്പുകളായി പ്രാഥമിക റൗണ്ട് മത്സരം നടത്തേണ്ടതും അതിൽ നിന്ന് 1,2 സ്ഥാനം ലഭിക്കുന്ന കുട്ടികളെ ഫൈനൽ റൗണ്ടിലേയ്ക്ക് പരിഗണിക്കേണ്ടതുമാണ്. ഫൈനൽ റൗണ്ടിൽ മത്സരിക്കാൻ അവസരം ലഭിക്കുന്ന കുട്ടികൾക്ക് 45 മാർക്കും ഫൈനൽ റൗണ്ടിൽ വായിക്കുന്ന ഓരോ വാക്യത്തിനു 5 മാർക്ക് വിതം നൽകുക.

**ഉദാഹരണം.** 1. 5x5+45=70 A grade അഞ്ച് വാക്യം വായിച്ചാൽ
2. 3x5+45=60 B grade മൂന്ന് വാക്യം വായിച്ചാൽ
3. 1x5+45=50 C grade ഒരു വാക്യം വായിച്ചാൽ

എട്ടോ അതിൽ താഴെയോ കുട്ടികൾ മാത്രം പങ്കെടുക്കുന്നതെങ്കിൽ മത്സരിക്കുന്ന കുട്ടികൾക്ക് എല്ലാവർക്കും 45 മാർക്കും വായിക്കുന്ന വാക്യത്തിന് 5 മാർക്കും വീതം നൽകുക.

**ഉദാഹരണം.** 1. 5x5+45=70 A grade അഞ്ച് വാക്യം വായിച്ചാൽ
2. 3x5+45=60 B grade മൂന്ന് വാക്യം വായിച്ചാൽ
3. 1x5+45=50 C grade ഒരു വാക്യം വായിച്ചാൽ

13. മത്സരങ്ങൾ ക്രമമായും ചിട്ടയായും നടത്തുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ മുൻകൂട്ടി ചെയ്യുന്നതിനും ലിസ്റ്റ് കൃത്യസമയത്ത് തന്നെ അയക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുവാനും ബന്ധപ്പെട്ട ഭാരവാഹികളെ ഒരിക്കൽ കൂടെ പ്രത്യേകം ഓർമ്മപ്പെടുത്തുന്നു. സംശയങ്ങൾ ഉണ്ടാകുന്ന പക്ഷം മേൽഘടകങ്ങളിലെ ഭാരവാഹികളുമായി ബന്ധപ്പെട്ട് ആയത് പരിഹരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. **അഖില മലങ്കര എം.ജെ.എസ്.എസ്.എ. കലോത്സവത്തിൽ സംബന്ധിക്കുന്നവരിൽ ഭക്ഷണം ആവശ്യമുള്ളവരുടെ എണ്ണം എം.ജെ.എസ്.എസ്.എ. കലോത്സവത്തിന്റെ ലിസ്റ്റിനോടൊപ്പം തരേണ്ടതാണ്.**

14. എം.ജെ.എസ്.എസ്.എ. പ്രസിദ്ധീകരിച്ചിരിക്കുന്ന തിരഞ്ഞെടുത്ത ആരാധനാഗീതങ്ങൾ എന്ന പുസ്തകത്തിലെ ഏതെങ്കിലും ഗീതങ്ങൾ 3 മിനിറ്റിൽ താഴെ അവസാനിക്കുന്നതാണെങ്കിൽ അതേ ഗീതത്തിന്റെ തുടർന്നുള്ള ഖണ്ഡിക ടി പുസ്തകത്തിൽ ഇല്ല എങ്കിലും സമയപരിധിക്കുള്ളിൽ പാടാവുന്നതാണ്. എന്നാൽ ഒരു ഗീതത്തെ തുടർന്ന് മറ്റൊരു ഗീതം പാടാവുന്നതല്ല.

15. എം.ജെ.എസ്.എസ്.എ. കലോത്സവത്തിൽ **ഭദ്രാസന/സോൺ** തലത്തിലുള്ള മത്സരങ്ങളിൽ വരെ **ഒന്നും രണ്ടും സ്ഥാനം** ലഭിക്കുന്ന **രണ്ട് കുട്ടികൾ / രണ്ട് ടീമുകൾക്ക്** പങ്കെടുക്കാവുന്നതാണ്. **ഭദ്രാസന/ സോൺ തലത്തിൽ ഒന്നാം സ്ഥാനം** ലഭിക്കുന്ന **ഒരു കുട്ടി / ഒരു ടീം മാത്രം അഖില മലങ്കര** കലോത്സവത്തിൽ പങ്കെടുക്കേണ്ടതാണ്.

16. മുകൾ ഘടകങ്ങളിലേയ്ക്കയക്കുന്ന ലിസ്റ്റ് രണ്ട് കോപ്പികൾ വീതം ഉണ്ടായിരിക്കേണ്ടതാണ്. **ഭദ്രാസന / സോൺ** വിജയികളുടെ ലിസ്റ്റ് email ചെയ്യുന്നത് വളരെ സൗകര്യപ്രദമായിരിക്കും. (email - mjssahq@gmail.com)

17. സീനിയർ വിഭാഗം അഖില മലങ്കര ക്വിസ്സ് മത്സരത്തിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനം ലഭിക്കുന്ന ടീമുകൾക്ക് യഥാക്രമം 2500/-, 1500/-, 1000/- ക വീതം ക്യാഷ് അവാർഡ് നൽകുന്നതാണ്.

18. **ക്വിസ്സ് മത്സരം**

അദ്ധ്യാപകർ, സീനിയർ, പ്ലസ് 2 എന്നീ വിഭാഗങ്ങളുടെ ക്വിസ്സ് മത്സരത്തിന് വേദപുസ്തകത്തിൽ നിന്നുള്ള ചോദ്യങ്ങൾ വിശുദ്ധ ഗ്രന്ഥത്തിൽ നിന്നുള്ളതായിരിക്കും. ഫൈനൽ റൗണ്ട് മത്സരത്തിന് 8 ടീമുകൾ പരമാവധി പങ്കെടുക്കുന്ന വിധത്തിൽ ഭദ്രാസനതലം വരെ 1, 2 സ്ഥാനം ലഭിക്കുന്നവർക്ക് അവസരം നൽകേണ്ടതും 8 ൽ കൂടുതൽ ടീമുകൾ ഉണ്ടെങ്കിൽ ഒരു പ്രാഥമീക എഴുത്ത് പരീക്ഷ നടത്തി അതിൽ ഏറ്റവും കൂടുതൽ മാർക്ക് നേടി 8-ാം സ്ഥാനം വരെ ലഭിക്കുന്ന ടീമുകളെ അവസാന മത്സരത്തിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

ക്വിസ്സ് മത്സരത്തിൽ **2 പേരടങ്ങുന്നതാണ് ഒരു ടീം**. പേര് നൽകിയിരിക്കുന്ന ടീമിലെ ഒരംഗത്തിന് പങ്കെടുക്കുവാൻ സാധിക്കാതെ വന്നാൽ പേര് തന്നിരിക്കുന്ന **മറ്റെ വ്യക്തിക്ക് ഒറ്റക്ക് മത്സരിക്കാവുന്നതാണ്.** എന്നാൽ **പകരം മറ്റൊരു വ്യക്തിയെ ചേർക്കുവാൻ പാടുള്ളതല്ല.** ഭദ്രാസന/ സോൺ തലം വരെ ഒന്നും രണ്ടും സ്ഥാനം ലഭിക്കുന്ന ടീമുകൾക്ക് പങ്കെടുക്കാം.

19. **ട്രോഫികൾ**

എം.ജെ.എസ്.എസ്.എ. കലോത്സവത്തിൽ സമ്മാനാർഹരായി ട്രോഫികൾ മുൻവർഷം കൊണ്ടു പോയിരിക്കുന്നവർ 2018 ഒക്ടോബർ 5 ന് മുൻപ് എം.ജെ.എസ്.എസ്.എ. കേന്ദ്ര ഓഫീസിൽ തിരിച്ചേൽപ്പിക്കേണ്ടതാണ്.

20. **കലോത്സവം - ബെസ്റ്റ് സൺഡേസ്കൂൾ**

ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന സൺഡേസ്കൂളിനെ തിരഞ്ഞെടുക്കുമ്പോൾ ഏതെങ്കിലും ഒരു ഐറ്റത്തിന് ‘എ’ ഗ്രേഡും ഒരു ഐറ്റത്തിന് ആദ്യ മൂന്ന് സ്ഥാനങ്ങളിൽ ഒന്ന് (1,2,3) എന്നിവ നിർബന്ധമായി ഉണ്ടായിരിക്കണം.

21. വിശദവിവരങ്ങൾക്ക് **മാനുവൽ കാണുക.**

എന്ന്,
കർത്താവിൽ എളിയ ശുശ്രൂഷകർ



**ഷെവ. എം.ജെ. മർക്കോസ്**
**ജനറൽ സെക്രട്ടറി**
**9745046911, 8281325911,8073580719**



**റോയി തോമസ്**
**സെക്രട്ടറി**
**9447379006, 9605272244**